## Schedule of Programs during June, July, August 2018

| Sl. No. | Programs | Date | Time |
|---|---|---|---|
| 1 | Joint Area Prayer Meeting | 12th June 2018, Tuesday<br>26th June 2018, Tuesday | 8.00 PM<br>8.00 PM |
| 2 | Muscat Kerala Fellowship<br>Tharajam - Chengannur | 3rd July 2018, Tuesday | 8.00 AM to 2.00 PM |
| 3 | Joint Area Prayer Meeting | 10th July 2018, Tuesday<br>23rd July 2018, Monday | 8.00 PM<br>8.00 PM |
| 4 | Summer Camp<br>Leader: Mr. Robin P. Thomas<br>(Student Chapalin-TRV-Kollam Diocese) | 24th July 2018 to<br>27th July 2018 | 7.30 AM to 4.30 P.M. |
| 5 | Kaistana Samithi House Visit | 11th August 2018 to<br>31st August 2018 | 7.30 PM to 10.30 P.M. |

**Note: Regular Worship Services on Friday at 9.45 AM Saturday at 6.45 AM & Sunday at 8.00 PM.**
**English Services on Friday at 7.00 AM**

## Organisations

| | |
|---|---|
| a | **Sunday School** - Mr. Jose C. George (Head Master) - 99217062<br>At Chapel & Parsonage hall at 8.30AM, Friday. |
| b | **Yuvajana Sakhyam** - Mr. Shiju George (Secretary) - 95607609<br>Meeting -Friday After Worship Service at St Thomas Church<br>Prayer fellowship - 2nd friday at Chapel at 6.30PM |
| c | **Choir** - Mr. Biji M. Varghese (Choir Leader) - 99858398<br>Practice on all Thursdays at Parsonage Hall at 8.30PM |
| d | **Sevika Sangham** - Mrs. Elsy Mathew (Secretary) - 95925258<br>Meeting - Monday at Parsonage hall at 4.30PM<br>Fasting Prayer - Wednesday at Parsonage Hall at 10.30AM |
| e | **Edavaka Mission** - Mr. Varghese Mathew (Secretary) - 99760738<br>Monthly Prayer - 4th Thursday at Chapel at 8.30PM<br>Witness meeting - 5th Friday after Worship Service at<br>St Thomas Church |
| e | **Senior Citizen's** - Mr. Ninan Koshy (Secretary) - 99417582<br>Meeting : 1st Thursday of every month at 8 PM |
| f | **Teenage Fellowship** - Mrs. Blessy M. George - 95760757<br>Meeting 2nd Friday after worship service<br>at chapel. |

## Area Prayer Schedule

| Day | Week | Time | Area | Representatives to Kaistana Samithi | |
|---|---|---|---|---|---|
| Monday | 1 and 3 | 8.30 PM | Palli Bhagam | Mr. Jeevan Thomas | 92636716 |
| | | | Wadi Kabir - Zion | Mr. Liju K. Philip | 91758731 |
| Tuesday | | | Wadi Kabir - Bethel | Mr. Thomas John | 95757346 |
| | | | MSQ - Shatti Al Qurum | Mr. Biju Chacko | 99135727 |
| Wednesday | | | Muscat - Muttrah | Mr. Babu Thomas | 99780693 |
| | | | Hamriya - Carmel | Mr. Sajan M George | 99348851 |
| Monday | 2 and 4 | | Wadi Kabir - Ebenezer | Mr. Sibi Yohannan | 98705017 |
| | | | Ruwi Walja | Mr. Thomas John | 99373516 |
| Tuesday | | | Mumtaz | Mr. George P Rajan | 96783565 |
| | | | Wattaya - Qurum Wadi Hattat | Mr. Ponnachan Thomas | 99063574 |
| Wednesday | | | Darsait | Mr. M.J. Kurian | 91396897 |
| | | | Hamriya - Immanuel | Mr. Abey Varghese | 92434838 |

*(For members only)*

# MAR THOMA CHURCH IN OMAN

LIGHTED TO LIGHTEN

## NEWS LETTER 2018

June-August 2018

"അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറക്കും, പാറമേൽ എന്നെ ഉയർത്തും". (സങ്കീ: 27-5)

### Vicars & office bearers 2018-19

| | | |
|---|---|---|
| Vicar | Rev. Mathew K. | 99437492 |
| Asst. Vicar | Rev. Johnson Varghese | 92945632 |
| Vice President | Mr. P.M. Samuel | 93394444 |
| Trustee Finance | Mr. K.G. Thomas | 99382355 |
| Trustee Accounts | Mr. Mathew P.S. | 92880560 |
| Secretary | Mr. Stanley V. Sunny | 94101279 |
| Lay Ministrants | Mr. Thomas C.A. | 95356358 |
| | Mr. Varghese Mathew | 99760738 |

PO Box.2183, PC 112, Ruwi, Sultanate of Oman
mail@marthomachurchoman.org
www.marthomachurchoman.org

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

കർത്താവിൻ പ്രീയരെ,

മാർത്തോമ്മ ചർച്ച് ഇൻ ഒമാന്റെ ത്രൈമാസിക വാർത്ത പത്രികയിലൂടെ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ ദൈവത്തിന് സ്തോത്രം കരേറ്റുന്നു. മെയ് മാസം തന്നെ വികാരിയുടെ പൂർണ്ണ ചുമതലയിലേക്ക് പ്രവേശിക്കുവാൻ സാധിച്ചത് ദൈവത്തിന്റെ അളവറ്റ കരുണയും നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും ഇടവക ചുമതലക്കാരുടെ അവസരോചിതവും സത്വരവും ആയ കാര്യ നിർവ്വഹണം കൊണ്ടുമാണ്. ബഹു. ജോൺസൺ അച്ചന്റെയും കുടുംബത്തിന്റെയും പിന്തുണക്കായും ദൈവത്തെ സ്തുതിക്കുന്നു. ശുശ്രൂഷയ്ക്കായി പുതിയ ഇടവകയിലേക്ക് ഞങ്ങളെ കുംടുംബമായി നിയോഗിച്ച ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തയോടും, മുംബൈ ഭദ്രാസനാധിപൻ അഭിവന്ദ്യ. ഡോ. ഗീവർഗ്ഗീസ് മാർതീയോഡോഷ്യസ് തിരുമേനിയോടുമുള്ള കടപ്പാട് നിസ്സീമമാണ്.

ഇടവക അതിന്റെ 44ാം മത് വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. 2018 മെയ് മാസം 25ാം തീയതി തന്നെ ഇടവകസംഘം കൂടാൻ സാധിച്ചതും, റിപ്പോർട്ടും വരവ് ചെലവ് കണക്കും 2018-19 -ലെ ബഡ്ജറ്റും എന്നിവ അംഗീകരിക്കപ്പെട്ടതും ചുമതലക്കാരുടെ ആത്മാർപ്പണത്തിന്റെ ഫലമാണ്. കൈസ്ഥാനസമിതിയെ പ്രത്യേകം അഭിനന്ദിക്കുന്നു. പുതിയ വർഷത്തെ ഇടവക ഭാരവാഹികൾക്കും, കൈസ്ഥാന സമിതി അംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു. ഈ മാസങ്ങളിൽ നടക്കുന്ന കൈസ്ഥാന സമിതിയുടെയും, സംഘടനാ ഭാരവാഹികളുടെയും Retreat, Summer Camp, Joint Prayer Fellowship, Muscat Kerala Fellowship എന്നിവയുടെ അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

വിളിച്ച് വേർതിരിക്കപ്പെട്ട സമൂഹമാണ് സഭ. പുതിയ നിയമസഭ എന്ന പദത്തിന്റെ അർത്ഥവും ഇംഗ്ലീഷ് പദമായ Church എന്നതും ഗ്രീക്ക ഭാഷയിൽ ഉള്ള Kyriakon എന്ന പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. ഈ വാക്കിന് ദൈവത്തിന്റെ ജനം എന്നർത്ഥം. സഭയെന്ന് പുതിയ നിയമത്തിൽ കൂടുതൽ പ്രാവിശ്യം വിവരിച്ചിരിക്കുന്ന മറ്റൊരു പദം Ecclesia എന്ന പദമാണ്. ഇതിന്റെ അർത്ഥവും ദൈവത്തിന്റെ ജനം എന്നാണ്. Our Church is the Congregation of the Lord. "സഭ ദാസരൂപം അവലംബിച്ച്, കൈകളും, കാലുകളും ക്രിസ്തുവിനും മനുഷ്യർക്കും വേണ്ടിയുള്ള കരുതലിന്റെ പ്രവൃത്തിയിൽ ആകുമ്പോൾ സഭാ കൂദാശയായി തീരുന്നു."(G.D. Miller). അത്തരം ഒരു സഭയായി, ഇടവകയായി, കുടുംബമായി നമുക്ക് മുന്നേറാം.

മദ്ധ്യപൂർവ്വേഷ്യയിലെ 43 വർഷത്തെ ചിരിത്രമുറങ്ങുന്ന ഒമാൻ മാർത്തോമ്മ ഇടവക മണലാരണ്യത്തിലെ മിന്നിതിളങ്ങുന്ന മൺചിരതാണ്. ആയിരം രാവുകൾ പറഞ്ഞു തീരാത്ത പ്രവാസ ചരിത്രവും ദൈവ കരുതലിന്റെ സാക്ഷ്യാനുഭവും തിങ്ങിനിറഞ്ഞ പുണ്യകൂടാരമാണ് ഈ ദേവാലയം. ഇന്ന് നമ്മുടെ പ്രിയപ്പെട്ടവരിൽ ചിലർ തൊഴിൽരംഗങ്ങളിൽ പ്രതിസന്ധികൾ നേരിടുന്നു. ചിലർക്ക് തൊഴിൽ നഷ്ടപ്പെടുന്നു. നമ്മുടെ ശ്രദ്ധ, ഒരു ഇടവക എന്ന നിലയിൽ പുത്തൻ മാനങ്ങളിലേക്ക് ഇറങ്ങേണ്ടിയിരിക്കുന്നു. തിരുവചനം നമ്മെ ഓർപ്പിക്കുന്നു.

അവൻ നിങ്ങൾക്കായി കുരുതുന്നവൻ ആകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക. കരുതുന്ന കരങ്ങളിൽ മുറുകെപിടിച്ച് അപരനെയുംകൂടി കരുതുന്ന സമൂഹമായി നമുക്ക് തീരാം. സർവ്വ ശക്തൻ എല്ലാ കൃപാവരങ്ങളും നൽകി ഇടവകയെ ബലപ്പെടുത്തട്ടെ.

മാത്യുഅച്ചൻ

(വികാരി).

ത്രീയേക ദൈവതിരുനാമത്തിന് സ്തുതി

പുതിയൊരു നേതൃനിര ഇടവകയുടെ ചുമതലകളിലേക്ക് പ്രവേശിച്ചിരിക്കുന്നു. വന്ദ്യനായ ജാക്സൺ ജോസഫ് അച്ചനും, നേതൃനിരയ്ക്കും, ഇടവകയ്ക്ക് മുഴുവനായും സ്നേഹത്തിന്റെ പ്രണാമം. ഇടവകയുടെ സാരഥ്യത്തിലേക്ക് പ്രവേശിച്ച ബഹു. മാത്യു കെ. അച്ചനും നേതൃസ്ഥാനീയർക്കും അഭിനന്ദങ്ങൾ. ഇതിനിടയിലെ കാലത്ത് സഭയുടെ മെത്രാപ്പോലീത്താ അഭി. ഡോ. ജോസഫ് മാർത്തോമ്മാ തിരുമേനിയുടെ സന്ദർശനവും 60-ാം പൌരോഹിത്യ വർഷ സന്തോഷവും സമുചിതമായി നടത്തപ്പെട്ടു. എല്ലാറ്റിനും കരുത്തും താങ്ങുമായി നിന്ന ഇടവകാംഗങ്ങളുടെ പ്രാർത്ഥനയും സഹകരണവും ശ്ലാഘനീയം അത്രേ.

ഈ നാളുകളിലെ സഭയുടെ ധ്യാനതലത്തിലെ ശക്തമായ വിഷയം ആണ് ത്രിത്വ ദൈവം. ആരും ഒരുനാളും ദൈവത്തെ കണ്ടിട്ടില്ല, പുത്രൻ മൂലം ദൈവത്തെ വെളുപ്പെടുത്തിയിരിക്കുന്നു എന്ന ദൈവവചനത്തെ പിൻ തുടരുമ്പോൾ മനസ്സിലാക്കുവാൻ പറ്റുന്നത്, വെളിപ്പെടുത്തപ്പെട്ട ദൈവ സ്വഭാവത്തിലൂടെ മാത്രമേ ദൈവത്തെ അറിയുവാൻ സാധിക്കുകയുള്ളു. അങ്ങനെയെങ്കിൽ ത്രിയേക ദൈവത്തേയും മനസ്സിലാക്കേണ്ടത് വെളിപ്പെടുത്തപ്പെട്ട സ്വഭാവത്തിലൂടെയാണ് (Revealed arrtibution of God is the only way to understand the nature of God). ത്രിത്വസ്വഭാവത്തിലെ വെളിപ്പെടുത്തപ്പെട്ട രണ്ട് ഘടകങ്ങൾ പരിഗണനയിലേക്ക് എടുക്കട്ടെ.

1. **ദൈവബന്ധത്തിലെ കൂട്ടിരിപ്പ്** (Intra Personal Connectivity of the Godhead) ക്രൈസ്തവ വിശ്വാസ സംഹിതയിലെ ശ്രേഷ്ഠഘടകങ്ങളിൽ ഒന്നാണിത്. വി. യോഹന്നാൽ ഒന്നിൽ നിന്ന് അടർത്തിമാറ്റുന്നതിനോ ഇഴപിരിക്കുന്നതിനോ സാധിക്കാത്തവണ്ണമുള്ള കൂട്ടിരിപ്പ്. ഇങ്ങനെയുള്ള കൂട്ടിരിപ്പ് ദൈവബന്ധത്തിൽ ഉള്ളതുകൊണ്ട് നമുക്ക് എന്ത്ഭേതം എന്ന് കരുതാം. ഈ സ്വഭാവ നന്മയുള്ള ദൈവത്തിന് നമ്മോടുള്ള ബന്ധത്തിലും അത് കാണിച്ചേ മതിയാകൂ. മറ്റൊരു രീതിയിൽ സൂചിപ്പിച്ചാൽ നമ്മുടെ ഏത് അവസ്ഥയിലും അടർത്തി മാറ്റാൻ കഴിയാതെ കൂട്ടിരിക്കുന്ന ഒരേ ഒരു ആൾ ത്രീയേക ദൈവം മാത്രമാണ്.

2. **ദൈവസ്വഭാവത്തെ മാനസ്സിലാക്കുന്നത് രക്ഷാദൗത്യത്തിലൂടെയാണ്.** (Through the salvifie nature of the Godhead, world realise the one triue God). ദൈവസ്വഭാവത്തിലെ അടിസ്ഥാന പ്രമാണ് ആണ് രക്ഷാകര ദൗത്യം. ഇത് ഇല്ലാതെ ദൈവത്തിന് അടങ്ങിയിരിപ്പാൻ സാധ്യമല്ല. ഉല്പ. 1: 1,2 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. Creation is the other side of the salvific nature of God. കൂടാതെ രേഖപ്പെടുത്തുന്നു. ഇരുൾ ആയിരുന്നു ആഴത്തിൻമീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ട് വാചകങ്ങളും സൂചിപ്പിക്കുന്നത് രക്ഷാകര ദൗത്യത്തിന് ദൈവം ചരിത്രത്തിന് മുമ്പെതന്നെ തുടക്കംകുറിച്ചു എന്നതാണ്. യോഹ: 3-16 തന്റെ ഏകജാതനായ പുത്രനിൽ ലോകത്തെ സ്നേഹിച്ചു. യേശുക്രിസ്തുവിലൂടെ കൃത്യമായി ഇത് തുടരുന്നതായി രേഖപ്പെടുത്തുന്നു. ഇത്കൊണ്ട് നമുക്കുള്ള ദുണം എന്നത് ദൈഹവബന്ധത്തിൽ ആകുന്ന ഒരു ദൈവപൈതലിന് രക്ഷാകര വീണ്ടെടുപ്പ് ഉണ്ടന്നുള്ളതാണ്. (യോഹ. 1:12)

ജൂൺമാസം 16-ാം തീയതി മുതൽ ശ്ലീഹാനോമ്പ് ആരംഭിക്കുന്നു. ഈ നാളുകൾ ഇനിയും അങ്ങോട്ട് സഭയിൽ വൈദീകർ ആകുവാനുള്ളവർ അഭിഷക്തർ ആകുന്ന ദിനങ്ങളാണ്. നോമ്പും, ഉപവാസവും, പ്രാർത്ഥനയോടും ഈ നാളുകൾ വേർതിരിക്കാം. സഭയ്ക്കായി പ്രത്യകം പ്രാർത്ഥിക്കണം. സഭ കൃപയോടെ നിലനില്ക്കണം. അതുവഴി ലോകത്തിന്റെ വീണ്ടെടുപ്പ് സാധ്യമാകണം.

വേനൽക്കാല അവധിദിനങ്ങൾ പിറന്നമണ്ണിൽ കൊണ്ടാടുവാൻ ആഗ്രഹിച്ച് കാത്തിരിക്കുന്ന ഏവർക്കും സന്തോഷകരമായ അനുഭവങ്ങൾ നേരുന്നു. അവധിദിനങ്ങളിൽ ഇടവക ആരാധനയിൽ ഇവിടെ ഉള്ളവർ സജീവമാകണമെന്ന് ഓർമ്മപ്പെടുത്തുന്നു. ത്രീയേകം ദൈവകാരുണ്യം നമ്മോടുകൂടെ ഇരിക്കട്ടെയെന്ന പ്രാർത്ഥനയോടെ കർത്തൃശുശ്രൂഷയിൽ

ജോൺസൻ വർഗ്ഗീസ് കശ്ശീശാ.

(അസ്സി. വികാരി)

ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ

ഒമാൻ മാർത്തോമ്മാ ഇടവക പുതിയ സാമ്പത്തിക വർഷത്തിലേക്കു പദമൂന്നി 'എൻ മനമേ യഹോവയെ വാഴ്ത്തുക എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (സങ്കീ: 103:1,2) കഴിഞ്ഞ നാളുകൾ മാസങ്ങൾ വർഷങ്ങൾ എല്ലാം ദൈവത്തിന്റെ ദാനം ഉപകാരങ്ങൾ മറക്കുവാനുള്ളതല്ല. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം ചെയ്യാം (2 കൊരി 9:15).

മാർത്തോമ്മാ ഇടവകയായി 43 വർഷങ്ങൾ ഈ രാജ്യത്തു നിലനിൽക്കുവാൻ നമുക്കു ലഭിച്ചത് അസുലഭമായ അവസരമാണ്. ഇവിടെ പ്രതീക്ഷ നിർഭരവും പ്രത്യാശപൂരിതവുമായ ചിന്തകൾ നമ്മിൽ ഉണരുമ്പോൾതന്നെ ചില ആകുലതെയുടെയും അനുഭവങ്ങൾ നമ്മെ അലട്ടുന്നു. പുതിയ വർഷത്തിൽ ദൈവ പരിപാലനത്തിനായി ദൈവകൃപയുടെ തലണിൽ ഇടവകയായ നമ്മെ സമർപ്പിക്കാം. ഇവിടെ എന്താണ് നമ്മുടെ ദൗത്യം? ദൈവരാജ്യ മൂല്യങ്ങളിൽ ഉയർത്തി പിടിക്കുന്ന ഒരു നവസമൂഹ സൃഷ്ടിയാണ് ഇടവകയുടെയും സഭയുടെയും എക്കാലത്തെയും ദൗത്യം. നന്മതിന്മകളെ തിരിച്ചറിഞ്ഞു നന്മയെ പുൽകുന്നവരാകാൻ നമുക്കു സാധിക്കണം. തിന്മകൾ പെരുകുന്നിടത്തു ആത്മീയത നഷ്ടപ്പെടുന്നു. വിശ്വാസ ജീവിതത്തിൽ തിന്മയുടെ ഉച്ചാടനവും നന്മയുടെ ആശ്ലേഷണവും ഉണ്ടാവണം അല്ലാത്തത് വിശ്വാസ ജീവിതമല്ല. സ്വന്തം ജീവനെ നൽകി ജീവൻ നേടുന്ന ക്രിസ്തുശൈലി ഈ കാലഘട്ടത്തിനൊരു ബദൽശൈലി ആയിത്തീരണം. മനസ് ശുദ്ധമാക്കി ക്രിസ്തുവിൽ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ നമുക്കു ഒരുങ്ങാം അവിടെ നന്മ ചിന്തിക്കുവാനും സ്വാർത്ഥത വെടിയുവാനും നമുക്കു കൂട്ടായി യത്നിക്കാം. 2017-18 വർഷകാലം ഇടവകയെ നയിച്ച കർമധീരരെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

കഴിഞ്ഞ മാസത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയുടെ സന്ദർശനം നമുക്കു ഏറ്റവും അനുഗ്രഹകരമായിരുന്നു. അഭിവന്ദ്യ തിരുമേനിയോടുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളട്ടെ.

നമ്മുടെ ഇടവകയുടെ പുതിയ വികാരിയായി ബഹു. മാത്യു കെ. അച്ചൻ ചുമതലയിൽ പ്രവേശിച്ചു. അച്ചന്റെ പ്രവർത്തനങ്ങൾ ഇടവകയുടെ ആത്മീകവും ഭൗതികവുമായ വളർച്ചയ്ക്കു ഇടയാവട്ടെ എന്ന് ആശംസിക്കുന്നു.

2018 ജൂൺ, ജൂലൈ മാസങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ ജൂൺ മാസം 12, 26 തീയതികളിൽ ജോയിന്റ് ഏറിയ പ്രയർ മീറ്റിംഗും, ജൂലൈ മാസം 3-ാം തീയതി മസ്ക്കറ്റ് കേരള ഫെലോഷിപ്പ്, 10, 23 തീയതികളിൽ ജോയിന്റ് ഏറിയ പ്രയർ മീറ്റിംഗും, 24-27 വരെ കുട്ടികൾക്കുവേണ്ടിയുള്ള സമ്മർ ക്യാമ്പും, ഓഗസ്റ്റ് മാസം 11 മുതൽ 31 വരെ ഇടവക കൈസ്ഥാനസമിതിയുടെ ഭവനസന്ദർശനവും ക്രമീകരിച്ചിരിക്കുന്നു. ഈ പരിപാടികളിൽ ഇടവക ജനങ്ങളുടെ നിർലോഭമായ പിന്തുണ പ്രതീക്ഷിച്ചുകൊള്ളുന്നു.

സ്ഥാനമാനങ്ങൾ കൃപയാൽ ദൈവം നമുക്ക് നല്കിയിരിക്കുന്നു. എന്തിനുവേണ്ടി? ഭാസ്യശുശ്രൂഷയ്ക്കായി (MK 10:45, LK 22:27) കാലുകൾ കഴുകുന്ന യേശു നമ്മിലൂടെ വെളിപ്പെടണം. (John 13:14-15) അവനാണ് കർത്താവും ഗുരുവും, ഏറ്റവും ചെറിയവനും ചെയ്യുന്ന ശുശ്രൂഷയാവട്ടെ നമ്മുടെ ജീവിത മാതൃകയും സൗഭാഗ്യവും (Itim 4:12) 'അവനോ വളരണം ഞാനോ കുറയേണം' കർമ്മസന്നദ്ധരായി, ക്രാന്ത ദർശകരായി, കനിവിൻ കരങ്ങളുമായി ഒരുമിച്ചുമുന്നോട്ടു പോകാൻ ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം.

പ്രാർത്ഥനകളോടെ ...

സ്റ്റാൻലി വി. സണ്ണി

(ഇടവക സെക്രട്ടറി)